"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.ശ്രീകാന്ത് എ.എസ്, ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നവരുടെ കുടുംബശ്രീ സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.320/2025/LSGD തീയതി,തിരുവനന്തപുരം, 02-02-2025

---

പരാമർശം:-

1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന നം. ഉത്തരവ്
3. 21/02/2022-ലെ സ.ഉ.(സാധാ)നം.388/2022/തസ്വഭവ
4. 25/06/2022-ലെ സ.ഉ.(സാധാ)നം.134/2022/തസ്വഭവ
5. 18/04/2023-ലെ സ.ഉ.(സാധാ)നം.892/2023/തസ്വഭവ
6. 20/07/2023-ലെ സ.ഉ.(സാധാ)നം.1484/2023/തസ്വഭവ
7. 04/03/2024-ലെ സ.ഉ.(സാധാ)നം.524/2024/തസ്വഭവ
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/01/2025 തീയതിയിലെ 1442/E1/2023/KSHO നം. കത്ത്.

**ഉത്തരവ്**

ശ്രീ.ശ്രീകാന്ത് എ.എസ്, അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി, കൊല്ലം എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ സംസ്ഥാന മിഷനിൽ 08.03.2022 മുതൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിച്ചിരുന്നു. അന്യത്രസേവനത്തിൽ തുടരുന്നതിനിടയിൽ ടിയാന് 107800 - 160000 ശമ്പളസ്കെയിലിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ പരാമർശം (4) പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. പരാമർശം (5, 6, 7) ഉത്തരവുകൾ പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നല്കുകയും അന്യത്രസേവനതസ്തിക പ്രോഗ്രാം ഓഫീസർ ആക്കിയിട്ടുമുണ്ട്. ടിയാളുടെ അന്യത്രസേവന കാലാവധി 07.03.2025-ൽ അവസാനിക്കുന്നതായും 08.03.2025 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നല്കണമെന്നും പരാമർശം (8) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ശ്രീകാന്ത്.എ.എസ്, ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നവരുടെ കുടുംബശ്രീ സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും

പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 08.03.2025 മുതൽ ടി തസ്തികയിൽ അന്യത്ര സേവനത്തിൽ നിയമിക്കുന്നതിന് സമാന ശമ്പള സ്കെയിലിലുള്ള യോഗ്യരായ ജീവനക്കാരെ കണ്ടെത്തുന്നതുവരെ മാത്രം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ.ശ്രീകാന്ത് എ.എസ്, ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/25/2025-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 03-02-2025 12:09:35
സെക്ഷൻ ഓഫീസർ